കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനായി NIT കോഴിക്കോട് ആവശ്യപ്പെട്ട തുക പഞ്ചായത്തിൻെറ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിന് പ്രത്യേക അനുമതി നൽകി-- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

---

**സ.ഉ.(സാധാ) നം.2851/2019/ത.സ്വ.ഭ.വ**
**തിരുവനന്തപുരം, തീയതി, 16/12/2019**

---

പരാമർശം:- 1. കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് സമർപ്പിച്ച കത്ത്.

2. തിരുവമ്പാടി എംഎൽഎ ശ്രീ.ജോർജ് .എം തോമസ് സമർപ്പിച്ച 05/11/2019 ലെ കത്ത്

<u>ഉത്തരവ്</u>

കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് പ്രാഥമികാരോഗ്യകേന്ദ്രം ആർദ്രം പദ്ധതിയിൽപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനായി തിരുവമ്പാടി എംഎൽഎ ആസ്തി വികസന ഫണ്ടിൽ നിന്ന് 50 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതുമാണ്. സ്ഥാപനത്തിൻെറ ഭാവി വികസനം മുന്നിൽകണ്ട് മാസ്റ്റർപ്ലാൻ തയ്യാറാക്കി വേണം നിർമ്മാണ പ്രവർത്തികൾ നടത്താവൂ എന്ന തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ, മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി N I T കോഴിക്കോട് ആവശ്യപ്പെട്ട സംഖ്യയായ 4,46,250/- രൂപ പഞ്ചായത്തിൻെറ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് ഉണ്ടാകണമെന്നാണ് കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ഫീസിനത്തിൽ NIT കോഴിക്കോട് ആവശ്യപ്പെട്ട തുകയായ 4,46,250/- രൂപ (നാല് ലക്ഷത്തി നാല്പത്താറായിരത്തി ഇരുന്നൂറ്റിയമ്പത് രൂപ) പഞ്ചായത്തിൻെറ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പ്രസിഡൻറ്/സെക്രട്ടറി, കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Remeolu

സെക്ഷൻ ഓഫീസർ